**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 20** **10-06-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചി ജലമെട്രോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി ജലമെട്രോയ്ക്ക് ഇതുവരെ ചെലവായ തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 31.03.2024 വരെ ആകെ 552.81 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ സാങ്കേതികവും സാമ്പത്തികവുമായ എന്തെങ്കിലും വിധത്തിലുള്ള സഹായം ഈ പദ്ധതിക്ക് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ലഭിച്ചിട്ടില്ല.<br>ജർമ്മൻ ഫണ്ടിംഗ് ഏജൻസി (KfW)- യിൽ നിന്നും സർക്കാർ ഗ്യാരണ്ടിയോടുകൂടി വിദേശ വായ്പ ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെയും സംസ്ഥാന സർക്കാരിന്റെയും ഓഹരികൾ എത്ര വീതമാണെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാന സർക്കാരിന്റേയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റേയും ഓഹരി പങ്കാളിത്തം 74:26 അനുപാതത്തിലാണ്. |
| (ഡി) | ജലമെട്രോയ്ക്ക് ആവശ്യമായ ബോട്ടുകൾ ഏതെല്ലാം ഏജൻസികൾ വഴിയാണെന്ന് നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ; | (ഡി) | 100 പേർക്ക് യാത്ര ചെയ്യാവുന്ന 23 ബോട്ടുകൾ കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡാണ് നിർമ്മിച്ച് നൽകുന്നത്. എമർജൻസി റെസ്പോൺസ് വർക്കിനായുള്ള 1 ബോട്ട് നിർമ്മിച്ച് നൽകിയത് അൾട്രാ മറൈൻ യാട്ട്സ് ലിമിറ്റഡ് പോണ്ടിച്ചേരിയാണ്. |
| (ഇ) | ഈ രംഗത്ത് രാജ്യത്തിലെ ഒന്നാം സ്ഥാനം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനും ജല മെട്രോയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും പദ്ധതിയുടെ വൈവിധ്യവൽക്കരണത്തിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇന്ത്യയിലെ പ്രഥമ വാട്ടർ മെട്രോ സംവിധാനമായ കൊച്ചി വാട്ടർ മെട്രോ പദ്ധതി ഏഷ്യയിലെ തന്നെ ഏറ്റവും ബൃഹത്തായ സംയോജിത ജലഗതാഗത സംവിധാനമാണ്. കൊച്ചിയിലെ പത്ത് (10) ദ്വീപുകളെ നഗരപ്രദേശവുമായി ബന്ധിപ്പിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>10-15 മിനിറ്റിനുള്ളിൽ ചാർജ്ജ് ചെയ്യാവുന്നതും ഉയർന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ ലിഥിയം ടൈറ്റനേറ്റ് ഓക്സൈഡ് ബാറ്ററിയാണ് വാട്ടർ മെട്രോ ബോട്ടുകളിൽ ഉപയോഗിക്കുന്നത്. വേലിയേറ്റ, വേലിയിറക്ക സമയത്തും ബോട്ടുകൾക്കൊപ്പം ഒരേ നിരപ്പിൽ നിൽക്കുന്ന ഫ്ലോട്ടിംഗ് പോൺടൂണുകൾ കൊച്ചി വാട്ടർ മെട്രോയുടെ പ്രത്യേകതയാണ്. യാത്രക്കാരുടെ |

| | | | |
|---|---|---|---|
| | | | എണ്ണം നിജപ്പെടുത്തുന്നതിനായി പാസഞ്ചർ കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വാട്ടർ മെട്രോ ബോട്ടുകളും ടെർമിനലുകളും പൂർണ്ണമായും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചിട്ടുള്ളത്. അപകടങ്ങൾ നേരിടുന്നതിനും ചുരുങ്ങിയ സമയത്തിനുള്ളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനും സുരക്ഷാ ബോട്ടുകളുടെ സംവിധാനമുണ്ട്.<br>പദ്ധതിയുടെ തുടക്കത്തിൽ ഉണ്ടായിരുന്ന 4 ടെർമിനലുകളായ ഹൈക്കോടതി,വൈപ്പിൻ, വൈറ്റില, കാക്കനാട് എന്നിവയ്ക്ക് പുറമേ, ബോൾഗാട്ടി, സൗത്ത് ചിറ്റൂർ, ചേരാനെല്ലൂർ, ഏലൂർ, ഫോർട്ട്കൊച്ചി എന്നീ 5 ടെർമിനലുകൾ കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കുമ്പളം, വില്ലിംഗ്ടൺ ഐലന്റ്-ഫെറി, മട്ടാഞ്ചേരി, കടമക്കുടി, പാലിയംതുരുത്ത് എന്നീ ടെർമിനലുകളുടെയും നിർമ്മാണം പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *20 10.06.2024-ൽ മറുപടിയ്ക്ക്

**കൊച്ചി ജലമെട്രോ**

| ചോദ്യം<br>**ശ്രീ. ടി.പി രാമകൃഷ്ണൻ**<br>**ശ്രീ. കെ.ജെ മാക്സി**<br>**ശ്രീമതി. ദെലീമ**<br>**ശ്രീ. കെ.എൻ ഉണ്ണികൃഷ്ണൻ** | | മറുപടി<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | കൊച്ചി ജലമെട്രോയ്ക്ക് ഇതുവരെ ചെലവായ തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 31.03.2024 വരെ ആകെ 552.81 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ സാങ്കേതികവും സാമ്പത്തികവുമായ എന്തെങ്കിലും വിധത്തിലുള്ള സഹായം ഈ പദ്ധതിക്ക് ലഭിച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ; | (ബി) | ലഭിച്ചിട്ടില്ല.<br>ജർമ്മൻ ഫണ്ടിംഗ് ഏജൻസി (KfW)-യിൽ നിന്നും സർക്കാർ ഗ്യാരണ്ടിയോടുകൂടി വിദേശ വായ്പ ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റേയും സംസ്ഥാന സർക്കാരിന്റേയും ഓഹരികൾ എത്ര വീതമാണെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാന സർക്കാരിന്റേയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റേയും ഓഹരി പങ്കാളിത്തം 74:26 അനുപാതത്തിലാണ്. |
| (ഡി) | ജലമെട്രോയ്ക്ക് ആവശ്യമായ ബോട്ടുകൾ ഏതെല്ലാം ഏജൻസികൾ വഴിയാണെന്ന് നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ; | (ഡി) | 100 പേർക്ക് യാത്ര ചെയ്യാവുന്ന 23 ബോട്ടുകൾ കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡാണ് നിർമ്മിച്ച് നൽകുന്നത്.<br>എമർജൻസി റെസ്പോൺസ് വർക്കിനായുള്ള 1 ബോട്ട് നിർമ്മിച്ച് നൽകിയ |

| | | | |
|---|---|---|---|
| | | | ത് അൾട്ടാ മറൈൻ യാട്ട്സ് ലിമിറ്റഡ് പോണ്ടിച്ചേരിയാണ്. |
| (ഇ) | ഈ രംഗത്ത് രാജ്യത്തിലെ ഒന്നാം സ്ഥാനം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനും ജല മെട്രോയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും പദ്ധതിയുടെ വൈവിധ്യവൽക്കരണത്തിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇന്ത്യയിലെ പ്രഥമ വാട്ടർ മെട്രോ സംവിധാനമായ കൊച്ചി വാട്ടർ മെട്രോ പദ്ധതി ഏഷ്യയിലെ തന്നെ ഏറ്റവും ബൃഹത്തായ സംയോജിത ജലഗതാഗത സംവിധാനമാണ്. കൊച്ചിയിലെ പത്ത് ദ്വീപുകളെ നഗരപ്രദേശവുമായി ബന്ധിപ്പിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>10-15 മിനിറ്റിനുള്ളിൽ ചാർജ്ജ് ചെയ്യാവുന്നതും ഉയർന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ ലിഥിയം ടൈറ്റനേറ്റ് ഓക്സൈഡ് ബാറ്ററിയാണ് വാട്ടർ മെട്രോ ബോട്ടുകളിൽ ഉപയോഗിക്കുന്നത്. വേലിയേറ്റ, വേലിയിറക്ക സമയത്തും ബോട്ടുകൾക്കൊപ്പം ഒരേ നിരപ്പിൽ നിൽക്കുന്ന ഫ്ലോട്ടിംഗ് പോൺടൂണുകൾ കൊച്ചി വാട്ടർ മെട്രോയുടെ പ്രത്യേകതയാണ്. യാത്രക്കാരുടെ എണ്ണം നിജപ്പെടുത്തുന്നതിനായി പാസഞ്ചർ കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>വാട്ടർ മെട്രോ ബോട്ടുകളും ടെർമിനലുകളും പൂർണ്ണമായും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചിട്ടുള്ളത്. അപകടങ്ങൾ നേരിടുന്നതിനും ചുരുങ്ങിയ സമയത്തിനുള്ളിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനും സുരക്ഷാ ബോട്ടുകളുടെ |

| | | | |
|---|---|---|---|
| | | | സംവിധാനമുണ്ട്. പദ്ധതിയുടെ തുടക്കത്തിൽ ഉണ്ടായിരുന്ന 4 ടെർമിനലുകളായ ഹൈക്കോടതി, വൈപ്പിൻ, വൈറ്റില, കാക്കനാട് എന്നിവയ്ക്ക് പുറമേ, ബോൾഗാട്ടി, സൗത്ത് ചിറ്റൂർ, ചേരാനെല്ലൂർ, ഏലൂർ, ഫ ോർട്ട് കൊച്ചി എന്നീ 5 ടെർമിനലുകൾ കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കുമ്പളം, വില്ലിംഗ്ടൺ ഐലന്റ്,ഫെറി, മട്ടാഞ്ചേരി, കടമക്കുടി, പാലിയംതുരുത്ത് എന്നീ ടെർമിനലുകളുട െയും നിർമ്മാണം പുരോഗമിച്ച് വരുന്നു. |

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

# <u>വിശദീകരണക്കുറിപ്പ്</u>

കൊച്ചി ജലമെട്രോയ്ക്ക് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 31.03.2024 വരെ ആകെ 552.81 കോടി രൂപ ചെലവായിട്ടുണ്ട്. കൊച്ചി ജലമെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട് ജർമ്മൻ ഫണ്ടിംഗ് ഏജൻസി (KfW)-യിൽ നിന്നും സർക്കാർ ഗ്യാരണ്ടിയോടുകൂടി വിദേശ വായ്പ ലഭിക്കുന്നതിലേക്കായി കേന്ദ്ര സർക്കാർ മുഖേനയാണ് നടപടിക്രമങ്ങൾ നടത്തിയിട്ടുള്ളത്. കൊച്ചി ജല മെട്രോ പദ്ധതിയുടെ ഭരണാനുമതി തുകയായ 1064.83 കോടി രൂപയിൽ സംസ്ഥാന സർക്കാർ വിഹിതം 156.07 കോടി രൂപയാണ്. കൂടാതെ, ജർമ്മൻ ഫണ്ടിംഗ് ഏജൻസിയായ KfW-യിൽ നിന്നും 908.76 കോടി രൂപ വായ്പയായി സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലേക്കായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത കമ്പനിയായ കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് (KWML)-ന്റെ മൊത്തം ഓഹരിയായ 4.90 കോടി രൂപയിൽ സംസ്ഥാന സർക്കാരിന്റേയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റേയും ഓഹരി പങ്കാളിത്തം 74:26 അനുപാതത്തിലാണ്.

100 പേർക്ക് യാത്ര ചെയ്യാവുന്ന 23 ബോട്ടുകൾ കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡാണ് നിർമ്മിച്ച് നൽകുന്നത്. എമർജൻസി റെസ്പോൺസ് വർക്കിനായുള്ള 1 ബോട്ട് നിർമ്മിച്ച് നൽകിയത് അൾട്ടാ മറൈൻ യാട്ട്സ് ലിമിറ്റഡ് പോണ്ടിച്ചേരിയാണ്. ഇന്ത്യയിലെ പ്രഥമ വാട്ടർ മെട്രോ സംവിധാനമായ കൊച്ചി വാട്ടർ മെട്രോ പദ്ധതി ഏഷ്യയിലെ തന്നെ ഏറ്റവും ബൃഹത്തായ

സംയോജിത ജലഗതാഗത സംവിധാനമായാണ് അറിയപ്പെടുന്നത്. കൊച്ചിയിലെ പത്ത് (10) ദ്വീപുകളെ നഗരപ്രദേശവുമായി ബന്ധിപ്പിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. വാട്ടർ മെട്രോയിലെ കുറഞ്ഞ ടിക്കറ്റ് നിരക്ക് 20 രൂപയും കൂടിയ ടിക്കറ്റ് നിരക്ക് 40 രൂപയുമാണ്. ഇതിനു പുറമെ സ്ഥിരയാത്രക്കാർക്കായി ഡിസ്കൗണ്ടോടുകൂടി യാത്രാ പാസുകളും ഏർപ്പെടുത്തിയതിലൂടെ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

10-15 മിനിറ്റിനുള്ളിൽ ചാർജ്ജ് ചെയ്യാവുന്നതും ഉയർന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ ലിഥിയം ടൈറ്റനേറ്റ് ഓക്സൈഡ് ബാറ്ററിയാണ് വാട്ടർ മെട്രോ ബോട്ടുകളിൽ ഉപയോഗിക്കുന്നത്. വേലിയേറ്റ, വേലിയിറക്ക സമയത്തും ബോട്ടുകൾക്കൊപ്പം ഒരേ നിരപ്പിൽ നിൽക്കുന്ന ഫ്ലോട്ടിംഗ് പോൺടൂണുകൾ കൊച്ചി വാട്ടർ മെട്രോയുടെ പ്രത്യേകതയാണ്. യാത്രക്കാരുടെ എണ്ണം നിജപ്പെടുത്തുന്നതിനായി പാസഞ്ചർ കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വാട്ടർ മെട്രോ ബോട്ടുകളും ടെർമിനലുകളും പൂർണ്ണമായും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചിട്ടുള്ളത്. അപകടങ്ങൾ നേരിടുന്നതിനും ചുരുങ്ങിയ സമയത്തിനുള്ളിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനും സുരക്ഷാ ബോട്ടുകളുടെ സംവിധാനമുണ്ട്.

പദ്ധതിയുടെ തുടക്കത്തിൽ ഉണ്ടായിരുന്ന 4 ടെർമിനലുകളായ ഹൈക്കോടതി, വൈപ്പിൻ, വൈറ്റില, കാക്കനാട് എന്നിവയ്ക്ക് പുറമേ, ബോൾഗാട്ടി, സൗത്ത് ചിറ്റൂർ,

ചേരാനെല്ലൂർ, ഏലൂർ, ഫോർട്ട് കൊച്ചി എന്നീ 5 ടെർമിനലുകൾ കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കുമ്പളം, വില്ലിംഗ്ടൺ ഐലന്റ്-ഫെറി, മട്ടാഞ്ചേരി, കടമക്കുടി, പാലിയംതുരുത്ത് എന്നീ ടെർമിനലുകളുടെയും നിർമ്മാണം പുരോഗമിച്ച് വരുന്നു.